# INDIAN SCHOOL MUSCAT
# MIDDLE SECTION
# SUMMATIVE ASSESSMENT - 1 (2016-17)
# MALAYALAM

**CLASS : VII** **TIME : 2 Hrs.**
**DATE : 05.10.2016** **MARKS : 60**

**I. അർത്ഥമെഴുതുക** ($^1/_2$ X 4 = 2)

1. ആഭ
2. ഗർദഭം
3. പ്രാവീണ്യം
4. സദാ

**II. പര്യായം എഴുതുക** (1 X 4 = 4)

1. ഉദ്യാനം
2. വെയിൽ
3. കണ്ണാടി
4. യാത്ര

**III. അർത്ഥവ്യത്യാസം എഴുതുക** (1 X 2 = 2)

1. ശീതം, ശതം
2. അയുതം, ആയുധം

**IV. നാനാർത്ഥം എഴുതുക** (1 X 2 = 2)

1. നവം
2. കതിർ

**V. വിപരീതം എഴുതുക** ($^1/_2$ X 4 = 2)

1. വിജയം
2. ആശ
3. വിശാലം
4. ദൃഢം

**VI. പിരിച്ചെഴുതുക** (1 X 4 = 4)

1. ചെങ്കതിർ
2. ആശയായുള്ള
3. സ്വാഗതം
4. അക്കാലത്ത്

**VII. വിഗ്രഹിച്ച് എഴുതുക** (1 X 4 = 4)

1. അനുചരൻ
2. നീലമേഘം
3. പങ്കജനാഥൻ
4. നവചൈതന്യം

**VIII. വാക്യത്തിൽപ്രയോഗിക്കുക** (1 X 2 = 2)

1. ചുട്ടുപൊള്ളുക
2. ഒതുങ്ങിയിരിക്കുക

**IX. ഒറ്റവാക്കിൽ ഉത്തരം എഴുതുക** (1 X 4 = 4)

1. കൃഷ്ണഗാഥയുടെ കർത്താവാര്?
2. കവിയുടെ അഭിപ്രായത്തിൽ സത്യം എന്നത് എന്താണ്?
3. പാണ്ഡവരുടെ ആത്മമിത്രം ആരായിരുന്നു?
4. ഗുരുദേവന്റെ പ്രശസ്തി കേരളമെങ്ങും എത്തിച്ച സംഭവം ഏത്?

**X. ചേരുംപടി ചേർത്തെഴുതുക** (1 X 4 = 4)

| | |
|---|---|
| 1. ചെറുശ്ശേരി | ഇന്ദ്രൻ |
| 2. പൂന്താനം | ശ്രീനാരായണഗുരു |
| 3. ദേവരാജാവ് | കൃഷ്ണഗാഥ |
| 4. ദൈവദശകം | ജ്ഞാനപ്പാന |

**XI. ഉത്തരം എഴുതുക** (2 X 5 = 10)

1. ശീതത്തെ തടയാനായി ഓരോരുത്തരും ചെയ്ത പ്രവൃത്തികൾ എന്തെല്ലാം?
2. പ്രവാചകൻ അനുചരന്മാരെ ബോധ്യപ്പെടുത്തിയ തത്ത്വം എന്ത്?
3. വിദ്വാന്മാരായി നടിക്കുന്നവർ മനസ്സിലാക്കാത്തത് എന്ത്?
4. യുധിഷ്ഠിരനെ പിന്തുടർന്ന നായയുടെ രൂപം എന്തായിരുന്നു?
5. ഗുരുദേവൻ കണ്ണാടി പ്രതിഷ്ഠ കൊണ്ട് ഉദ്ദേശിച്ചതെന്ത്?

**XII. കവിത പൂരിപ്പിക്കുക** (8 വരി) (4 X 1 = 4)

ശീതം തഴച്ചോരു ----------------- വെന്നിടാമെന്നേയുള്ളൂ.

**XIII. പ്രയോഗം മാറ്റുക** (1 X 3= 3)

1. രാജാവ് കുറ്റവാളിയെ ശിക്ഷിച്ചു.
2. ഞാൻ പരീക്ഷ എഴുതും.
3. കുഞ്ഞ് അമ്മയാൽ എടുക്കപ്പെട്ടു.

**XIV. ശരിയായ പദം തിരഞ്ഞെടുത്തെഴുതുക** (1 X 4= 4)

1. ഭാണ്ടം, ഭാണ്ഡം, ഭാണ്ഢം
2. പശ്ചാതാപം, പശ്ചാത്താപം, പശ്ചാത്താവം
3. അന്ധകാരം, അന്തകാരം, അന്ദകാരം
4. അന്തരീക്ഷം, അന്തരീഷം, അന്തരിക്ഷം

**XV. എതിർലിംഗം എഴുതുക** ($^1/_2$ x4= 2)

1. പ്രവാചകൻ
2. മഹാൻ
3. കവി
4. പതി

**XVI. ഒറ്റപ്പദം എഴുതുക** ($^{1}/_{2}$ x4= 2)

1. വിദ്യ ഉള്ളവൻ
2. ദ്വൈതമല്ലാത്തത്
3. സ്വന്തം ബോധം
4. സത്ത് ഉള്ളവർ

**XVII. ചുവടെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് തന്നിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക** (1 X 5= 5)

ബ്രസീലിലെ ബാറു നഗരം. അവിടെ വാശിയേറിയ ഒരു ഫുട്ബോൾ മത്സരം നടക്കുകയാണ്. ജനക്കൂട്ടം വിസിലടിച്ചും ആർപ്പുവിളിച്ചും പ്രിയതാരങ്ങളെ പ്രോത്സാഹിപ്പിക്കുന്നു. മുതിർന്ന താരങ്ങൾക്കിടയിലൂടെ, അസാധാരണമായ മെയ്വഴക്കത്തോടെ പന്തുമായി പറക്കുന്ന ഒരു പന്ത്രണ്ടുകാരൻ പെട്ടെന്ന് എല്ലാവരുടെയും ശ്രദ്ധ പിടിച്ചുപറ്റി. അവന്റെ കുഞ്ഞുപാദങ്ങളിൽ നിന്നു വെടിയുണ്ടപോലെ പറന്ന പന്ത് എതിരാളികളുടെ ഗോൾവല വിറപ്പിച്ചു. ഗാലറിയിൽ ജനക്കൂട്ടം ആഹ്ലാദം കൊണ്ട് ആർത്തുവിളിച്ചു. "പെലെ...... പെലെ". തന്റെ ടീമിനു വേണ്ടി അന്ന് വിജയകിരീടം ഏറ്റുവാങ്ങിയ ആ കൊച്ചു കൈകളാണ് ഈ നൂറ്റാണ്ടിലെ മികച്ച ഫുട്ബോളറെന്ന ബഹുമതി പിൽക്കാലത്ത് വാനിലേക്കുയർത്തിപ്പിടിച്ചത്.

1940 ഒക്ടോബർ 23ന് ട്രെഡകൊറാ ആസ് എന്ന കൊച്ചു പട്ടണത്തിൽ ജനിച്ച പെലെയുടെ യഥാർഥനാമം എഡ്സൺ അരാൻറസ് ഡോ നാസിമെൻറോ എന്നാണ്. "ഡിക്കോ" എന്നു ചെല്ലപ്പേര്. കളിക്കളത്തിൽ നിന്നു ചാർത്തിക്കിട്ടിയ പേരാണ് "പെലെ". കളിച്ചു വളരാൻ പറ്റിയ സാഹചര്യമായിരുന്നില്ല ആ ബാലന്റേത്. കടുത്ത ദാരിദ്ര്യത്തിന്റെ ആ നാളുകളിൽ ദിവസങ്ങളോളം പട്ടിണികിടക്കേണ്ടി വന്നത് പെലെ തന്റെ ആത്മകഥയിൽ ഓർക്കുന്നുണ്ട്: "ദാരിദ്ര്യമായിരുന്നു പ്രശ്നം. അത് മനസ്സിനെ മരവിപ്പിക്കും, ഉത്സാഹം കെടുത്തും, ആത്മാഭിമാനം ചോർത്തിക്കളയും. അത് മറക്കാൻ ഞങ്ങൾ തെരുവുകളിൽ പന്ത് കളിച്ചു." പെലെയുടെ പിതാവ് ഡോഡിഞ്ഞോ പരാജയപ്പെട്ട ഒരു ഫുട്ബാൾ കളിക്കാരനായിരുന്നു. കളിച്ചുകിട്ടുന്ന ചെറിയ തുകയായിരുന്നു ആ കുടുംബത്തിന്റെ ഏക വരുമാനം. ബാറുവിലെ ഇടുങ്ങിയ തെരുവുകളിൽ പഴയ കാലുറകളിൽ തുണി നിറച്ചുണ്ടാക്കിയ പന്തുകൊണ്ടാണ് പെലെയും കൂട്ടുകാരും കളിച്ചുതുടങ്ങിയത്. ചളിയിൽ പുതഞ്ഞു കനംവച്ച പന്ത് അടിച്ചുനീക്കി തന്റെ കാലുകൾക്ക് ബലം വച്ചുവെന്ന് പെലെ പിന്നീട് മന്ദഹാസത്തോടെ പറഞ്ഞിട്ടുണ്ട്.

<u>ചോദ്യങ്ങൾ</u>

1. ആരായിരുന്നു പെലെയുടെ പിതാവ്?
2. തൻെറ കാലുകൾക്ക് എങ്ങനെ ബലം വച്ചുവെന്നാണ് പെലെ പറഞ്ഞിട്ടുള്ളത്?
3. പെലെയുടെ യഥാർത്ഥ പേരെന്ത്?
4. എങ്ങനെയുള്ളതായിരുന്നു പെലെയുടെ ബാല്യം?
5. ഈ ഖണ്ഡികയ്ക്ക് യോജിച്ച ഒരു ശീർഷകം നൽകുക

**************